**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3789** **27-06-2024 - ൽ മറുപടിയ്ക്ക്**

**മാവേലിക്കര മണ്ഡലത്തിലെ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി മാവേലിക്കര മണ്ഡലത്തിൽ നടപ്പിലാക്കുന്ന പ്രവൃത്തിയുടെ നിർമ്മാണ നടപടികൾ വിശദമാക്കുമോ; | (എ) | "ഒരു പഞ്ചായത്തിൽ ഒരു കളിക്കളം" പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഉൾപ്പെടുന്ന മാവേലിക്കര നിയോജകമണ്ഡലത്തിലെ തഴക്കര ഗ്രാമപഞ്ചായത്ത് ഇറവൻകര ഗ്രൗണ്ട് നിർമ്മാണത്തിനായി ആലപ്പുഴ ജില്ലാകളക്ടർ 30.12.2023ലെ G3/8795/2023 നമ്പർ ഉത്തരവ് പ്രകാരം എം.എൽ.എ ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ അനുവദിച്ചിരുന്നു. ആനുപാതികമായ തുക കായികവകുപ്പിന്റെ പദ്ധതി വിഹിതത്തിൽ നിന്നും അനുവദിച്ചു കൊണ്ട് 11.01.2024ലെ എ3-8526/23 നമ്പർ ഉത്തരവ് പ്രകാരം കായിക യുവജനകാര്യ ഡയറക്ടർ പദ്ധതിക്ക് 100 ലക്ഷം രൂപയുടെ സംയുക്ത ഭരണാനുമതി നൽകിയിട്ടുമുണ്ട്.<br><br>19.02.2024-ന് ടി പ്രവൃത്തിക്കായി സാങ്കേതികാനുമതി നല്കി 21.02.2024 ന് ദർഘാസ് ക്ഷണിച്ചു. ദർഘാസ് ലഭിക്കാത്തതിനെ തുടർന്ന് 09.03.2024, 29.04.2024 എന്നീ തീയതികളിൽ പുന:ദർഘാസ് ക്ഷണിച്ചു. 13.05.2024-ൽ ലഭിച്ച ഓഫർ, ദർഘാസ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. ഈ ആഴ്ച തന്നെ കരാറുകാരന് വർക്ക് ഓർഡർ നല്കുന്നതാണ്. |
| (ബി) | പ്രസ്തുത പദ്ധതികൾ അടിയന്തരമായി ആരംഭിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) | "ഒരു പഞ്ചായത്തിൽ ഒരു കളിക്കളം" പദ്ധതിയുടെ ആദ്യഘട്ടത്തിൽ ഉൾപ്പെടുന്ന മാവേലിക്കര നിയോജകമണ്ഡലത്തിലെ തഴക്കര ഗ്രാമപഞ്ചായത്ത് ഇറവൻകര ഗ്രൗണ്ട് നിർമ്മാണത്തിനായി ആലപ്പുഴ ജില്ലാകളക്ടർ 30.12.2023ലെ G3/8795/2023 നമ്പർ ഉത്തരവ് പ്രകാരം എം.എൽ.എ ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ അനുവദിച്ചിരുന്നു. ആനുപാതികമായ തുക കായികവകുപ്പിന്റെ പദ്ധതി വിഹിതത്തിൽ നിന്നും അനുവദിച്ചു കൊണ്ട് 11.01.2024ലെ എ3-8526/23 നമ്പർ ഉത്തരവ് പ്രകാരം കായിക യുവജനകാര്യ |

| | | | |
|---|---|---|---|
| | | | ഡയറക്ടർ പദ്ധതിക്ക് 100 ലക്ഷം രൂപയുടെ സംയുക്ത ഭരണാനുമതി നൽകിയിട്ടുമുണ്ട്.<br><br>19.02.2024-ന് ടി പ്രവൃത്തിക്കായി സാങ്കേതികാനുമതി നല്കി 21.02.2024 ന് ദർഘാസ് ക്ഷണിച്ചു. ദർഘാസ് ലഭിക്കാത്തതിനെ തുടർന്ന് 09.03.2024, 29.04.2024 എന്നീ തീയതികളിൽ പുന:ദർഘാസ് ക്ഷണിച്ചു. 13.05.2024-ൽ ലഭിച്ച ഓഫർ, ദർഘാസ് കമ്മിറ്റിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. ഈ ആഴ്ച തന്നെ കരാറുകാരന് വർക്ക് ഓർഡർ നല്കുന്നതാണ്. |
| (സി) | മണ്ഡലത്തിൽ തെക്കേക്കര ഗ്രാമപഞ്ചായത്തിലെ കുറത്തികാടിൽ സ്ഥാപിച്ച ഫിറ്റ്നെസ്സ് സെന്റർ പ്രവർത്തന സജ്ജമായിട്ടുണ്ടോ; എങ്കിൽ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (സി) | ഉണ്ട്.<br><br>ഇന്റീരിയർ പ്രവൃത്തികൾ 29.03.2023-നും ജിം ഉപകരണങ്ങൾ സ്ഥാപിക്കുന്ന പ്രവൃത്തി 30.03.2023 നും, ബ്രാന്റിംഗ് പ്രവൃത്തി 05.03.2024 നും പൂർത്തീകരിച്ചു. ജിം ഉപകരണങ്ങളുടെ പ്രവർത്തനക്ഷമത പരിശോധിക്കുന്നതിലേക്കായി 22/04/2024 ന് സൈറ്റ് ഇൻസ്പെക്ഷൻ നടത്തുകയും ചെയ്തു. എം.എൽ.എ.യുമായി കൂടിയാലോചിച്ച് ഫിറ്റ്നസ് സെന്ററിന്റെ പ്രവർത്തനം ആരംഭിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ